LIBRARY ARCHIVES Kerala Legislative Assembly

## കിഫ്ബി

3 (5463) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബി വഴി വൈപ്പിൻ നിയോജക മണ്ഡലത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ; ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷനുള്ള പ്രവൃത്തികൾ കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

സംസ്ഥാന സർക്കാരിന്റെ 2016-17 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ള അടിസ്ഥാന സൗകര്യ വികസന പദ്ധതികളാണ് കിഫ്ബിവഴി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്. ഇത് ഒരു പ്രത്യേക നിയോജക മണ്ഡലത്തെയോ ജില്ലയെയോ മാത്രം ലക്ഷ്യമിട്ടുകൊണ്ടുള്ള പദ്ധതികളല്ല. സംസ്ഥാനത്തിന്റെ സമഗ്രമായ അടിസ്ഥാന സൗകര്യ വികസനമാണ് ഈ പാക്കേജിലൂടെ സർക്കാർ ലക്ഷ്യമിടുന്നത്. പൊതുമരാമത്ത്, വാട്ടർ അതോറിറ്റി തുടങ്ങിയ വകുപ്പുകളുടെ പദ്ധതി നിർദ്ദേശങ്ങൾ കിഫ്ബിയിൽ ലഭിച്ചു തുടങ്ങിയിട്ടുണ്ട്. ഈ നിർദ്ദേശങ്ങൾ പരിശോധിച്ചുവരുന്നു. ഇതിനുശേഷം ബോർഡിന്റെ അന്തിമ അംഗീകാരം ലഭിക്കുന്ന പദ്ധതികൾക്കാണ് കിഫ്ബിവഴി ധനസഹായം ലഭ്യമാകുക. ഈ ഘട്ടത്തിൽ മാത്രമേ പ്രവൃത്തികളെ സംബന്ധിച്ച് വ്യക്തതയുണ്ടാവൂ. ഈ സാമ്പത്തിക വർഷം ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷനുള്ള പ്രവൃത്തികൾ കിഫ്ബിവഴി നടപ്പിലാക്കാൻ തീരുമാനമായിട്ടില്ല.

## മൈക്രോ ഫിനാൻസ് സ്ഥാപനങ്ങൾ

4 (5464) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൈക്രോ ഫിനാൻസ് സ്ഥാപനങ്ങളെ കുറിച്ച് പ്ലാനിംഗ് ബോർഡ് വർക്കിംഗ് ഗ്രൂപ്പ് നടത്തിയ പഠനങ്ങൾ എന്തെല്ലാം; സർക്കാരിന് വർക്കിംഗ് ഗ്രൂപ്പ് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; റിപ്പോർട്ടിലെ വിശദാംശങ്ങൾ എന്തെല്ലാം;

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൈക്രോ ഫിനാൻസ് സ്ഥാപനങ്ങളുടെ എണ്ണം എത്ര ; ജില്ല തിരിച്ച് വ്യക്തമാക്കാമോ?

**<u>ഉത്തരം</u>**

(എ) മൈക്രോ ഫിനാൻസ് സ്ഥാപനങ്ങളെക്കുറിച്ച് പ്ലാനിംഗ് ബോർഡ് വർക്കിംഗ് ഗ്രൂപ്പ് നടത്തിയ പഠനങ്ങളുടെ റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിലെ പ്രധാനപ്പെട്ട ശിപാർശകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) 156 മൈക്രോ ഫിനാൻസ് സ്ഥാപനങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നുണ്ട്. ഇവയ്ക്ക് വിവിധ ജില്ലകളിലായി 4236 ബ്രാഞ്ചുകളുണ്ട്. സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മൈക്രോ ഫിനാൻസ് സ്ഥാപനങ്ങളുടെ ബ്രാഞ്ചുകളുടെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ജില്ല | ബ്രാഞ്ചുകൾ |
|---|---|
| ആലപ്പുഴ | 335 |
| എറണാകുളം | 568 |
| ഇടുക്കി | 174 |
| കണ്ണൂർ | 92 |
| കാസർഗോഡ് | 72 |
| കൊല്ലം | 365 |
| കോട്ടയം | 403 |
| കോഴിക്കോട് | 272 |
| മലപ്പുറം | 231 |
| പാലക്കാട് | 262 |
| പത്തനംതിട്ട | 389 |
| തിരുവനന്തപുരം | 537 |
| തൃശ്ശൂർ | 480 |
| വയനാട് | 56 |
| ആകെ | 4236 |

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly